MCSL/SEC/19-20/127

October 14, 2019

BSE Limited
Phiroze Jeejeebhoy Towers
Dalal Street,
Mumbai - 400 001
Scrip Code - 511766

National Stock Exchange of India Limited
Exchange Plaza, C-1, Block G,
Bandra Kurla Complex,
Bandra (E), Mumbai - 400 051
Trading Symbol - MUTHOOTCAP

Dear Sir/Madam,

Sub: Notice of Board Meeting pursuant to Regulation 29 of SEBI (Listing Obligations and Disclosure Requirements) Regulations, 2015

Notice is hereby given that a meeting of the Board of Directors **(BM / IV / 19 - 20)** of Muthoot Capital Services Limited will be held on **Tuesday, October 22, 2019 at 12.00 noon** at Novotel Kochi Infopark Hotel, Near Infopark Kannadivalavu, Kakkanad - Edachira Road, Kakkanad, Kochi - 682 030, Kerala, inter-alia, to consider and take on record the financial statements of the Company for the quarter and half year ended September 30, 2019.

It may also be noted that the trading window for dealing in the shares of the Company by the Directors and Designated Persons, pursuant to the Insider Trading Code, was closed from Tuesday, October 01, 2019 to Thursday, October 24, 2019 (both days inclusive). This communication had already been circulated to all Designated Persons of the Company.

Thanking you,

Yours faithfully,

For Muthoot Capital Services Limited

Abhijith Jayan

Digitally signed by Abhijith Jayan
DN: c=IN, o=Personal, postalCode=686691, st=KERALA, 2.5.4.45=0341004442383246453439303044453033334545333234353445444434453545443841334142343532343030343532304232363333374132333333733363030363333742, serialNumber=ec4a161d78b34d1b7dacc08dd7f194011d0c5391ea1eba653e4e7d14d88607cb, cn=Abhijith Jayan
Date: 2019.10.14 18:23:20 +05'30'

Abhijith Jayan
Company Secretary & Compliance Officer

മദ്യവില ഉയർത്തിയേക്കും; സമ്മർദവുമായി കമ്പനികൾ

● സ്വന്തം ലേഖകൻ
തിരുവനന്തപുരം

സംസ്ഥാനത്ത് മദ്യവില വീണ്ടും ഉയരും. വില കൂട്ടാൻ മദ്യ വിതരണ കമ്പനികൾ സർക്കാരിനെ സമീപിച്ചു. ഉപതെരഞ്ഞെടുപ്പിനു ശേഷം ഇക്കാര്യത്തിൽ പ്രഖ്യാപനമുണ്ടാകുമെന്ന് സൂചന.

മദ്യം ഉൽപാദിപ്പിക്കുന്നതിനുള്ള എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്റെ (സ്പിരിറ്റ്) വില കുതിച്ചുയർന്നതാണ് നിലവിലെ പ്രതിസന്ധിക്കു കാരണം. ലിറ്ററിന് 45 രൂപയുണ്ടായിരുന്ന സ്പിരിറ്റിന് ഇപ്പോൾ 70 രൂപയാണ് വില. ഈ സാഹചര്യത്തിൽ ബിവറേജസ് കോർപ്പറേഷനുമായുള്ള കരാർ നിരക്കിൽ മദ്യം വിതരണം ചെയ്യുന്നതു നഷ്ടമുണ്ടാക്കുമെന്നാണ് കമ്പനികളുടെ നിലപാട്.

പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ ഷുഗേഴ്സും സ്പിരിറ്റ് വില വിർധനയിൽ നഷ്ടത്തിലാണോടുന്നത്. ജനപ്രിയ ബ്രാൻഡായ ജവാന് കുറഞ്ഞ വില നിലനിർത്തുന്നത് വെല്ലുവിളിയാകുകയാണ്. പ്രതിസന്ധി ചൂണ്ടിക്കാട്ടി മദ്യ വിതരണ കമ്പനികൾ ബിവറേജസ് കോർപ്പറഷന് കത്ത് നൽകിയിട്ടുണ്ട്. മദ്യത്തിനു നിരക്ക് കൂട്ടുക അല്ലെങ്കിൽ കമ്പനികളിൽ നിന്ന് ഈടാക്കുന്ന ടേൺ ഓവർ ടാക്സ് കുറയ്ക്കുക എന്നിവയാണു നിർദേശങ്ങൾ.

വരുമാന നഷ്ടമുണ്ടാകുമെന്നതിനാൽ നികുതി കുറയ്ക്കാൻ സർക്കാർ തയാറായേക്കില്ല. അതോടെ സ്പിരിറ്റ് വില വർധനയുടെ ഭാരം മദ്യപരിലേക്കു വന്നുചേരും.

● കേസ് രജിസ്റ്റർ ചെയ്തത് 18-ാം ദിവസം

ആദിവാസി വൃദ്ധയ്ക്ക് ക്രൂരമർദനം: കാലുകൾ അഞ്ചായി അടിച്ചൊടിച്ചു

അടിമാലി: ആദിവാസി വൃദ്ധയെ വീടുകയറി ആക്രമിച്ച് കാലുകൾ തല്ലിയൊടിച്ച സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തത് 18 ാം ദിവസം! മുനിയറ കരിമലയിൽ താമസിക്കുന്ന മുരിക്കുംകണ്ടത്തിൽ സുരേന്ദ്രന്റെ ഭാര്യ അളകമ്മ(61)യ്ക്കാണു മർദനമേറ്റത്. കഴിഞ്ഞ മാസം 26-നു വൈകിട്ട് ഏഴരയോടെ നാലംഗ സംഘം വീടു കയറി ആക്രമിക്കുകയായിരുന്നുവെന്ന് ഇവർ പറയുന്നു. സംഭവത്തിൽ യഥാർത്ഥ പ്രതികളെ രക്ഷപ്പെടുത്താൻ വെള്ളത്തൂവൽ പോലീസ് ശ്രമിക്കുന്നതായും ആക്ഷേപമുണ്ട്.

അളകമ്മയുടെ ഇരുകാലുകളിലുമായി അഞ്ച് ഒടിവുകളുണ്ട്. കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലെ ശസ്ത്രക്രിയയ്ക്കുശേഷം ഇവർ ചികിത്സയിലാണ്. കരിമല സ്വദേശി പുളിക്കൽ അജേഷ്, മുൻപ് ഇവിടെ താമസിച്ചിരുന്ന സേനാപതി തടിയനാനിക്കൽ മണി എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം ആക്രമിച്ചെന്നാണു മൊഴി. മാമലക്കണ്ടം സ്വദേശിനിയായ അളകമ്മയ്ക്ക് വർഷങ്ങളായി മുനിയറയിലെ തോട്ടത്തിലാണു ജോലി. ഇവിടെ വച്ചാണ് സുരേന്ദ്രനെ പരിചയപ്പെട്ടതും വിവാഹം കഴിച്ചതും. സുരേന്ദ്രന്റെ ചില അകന്ന ബന്ധുക്കൾ നിരന്തരമായി ഉപദ്രവിച്ചിരുന്നതായും നേരത്തേ താമസിച്ചിരുന്ന വീട്ടിലും ആക്രമണം നടത്തിയിട്ടുണ്ടെന്നും ഇവർ പറയുന്നു. സംഭവ ദിവസം സുരേന്ദ്രനെ തേടി വീട്ടിലെത്തിയ സംഘം അളകമ്മയെ തലയ്ക്ക് അടിച്ചു വീഴ്ത്തിയ ശേഷം കാലുകൾ തല്ലിയൊടിക്കുകയായിരുന്നു.

പിറ്റേന്നു താലൂക്ക് ആശുപത്രിയിൽ എത്തിച്ചുവെങ്കിലും പിന്നീടു കോട്ടയം മെഡിക്കൽ കോളജിലേക്കു മാറ്റി. ശസ്ത്രക്രിയകൾക്കു ശേഷം ഇക്കഴിഞ്ഞ ഏഴിനു വീണ്ടും താലൂക്ക് ആശുപത്രിയിലേക്കു കൊണ്ടുവന്നു. എന്നാൽ, 13 നു മാത്രമാണ് മൊഴിയെടുത്ത് കേസ് രജിസ്റ്റർ ചെയ്തത്. എന്നാൽ, മെഡിക്കൽ കോളജ് ആശുപത്രിയിലായിരുന്നതിനാൽ മൊഴിയെടുക്കാൻ സാധിച്ചില്ലെന്നും കേസെടുക്കാൻ വൈകിയെന്നും സ്റ്റേഷൻ ഹൗസ് ഓഫീസർ അറിയിച്ചു.

മുൻപ് തങ്ങൾ കൊലക്കേസിൽ പ്രതികളായി റിമാൻഡിലായിരുന്നുവെന്നും ജാമ്യത്തിലിറങ്ങിയ ശേഷം ഇവിടെ താമസിക്കരുതെന്നാവശ്യപ്പെട്ട് ചിലർ ഉപദ്രവിക്കുകയാണെന്നും ദമ്പതികൾ പറയുന്നു. എന്നാൽ, മരിച്ചയാളുമായി ബന്ധമുള്ളവരല്ല പ്രശ്നമുണ്ടാക്കുന്നത്. മരിച്ച വ്യക്തിയുമായി ഒരു വർഷം മുമ്പ് വഴക്കുണ്ടാക്കിയിട്ടുണ്ട്. എന്നാൽ, കൊലപാതകവുമായി ബന്ധമില്ലെന്നും ഇവർ വ്യക്തമാക്കി. അക്രമികളെ രക്ഷിക്കാൻ ശ്രമം നടക്കുന്നതായും പ്രതികളിലൊരാൾ ആക്രമിച്ചിട്ടില്ലെന്നു പയാൻ പോലീസ് സമ്മർദം ചെലുത്തുകയാണെന്നും ദമ്പതികൾ ആരോപിച്ചു. അതിനിടെ, 13 ന് താലൂക്കാശുപത്രിയിലെത്തിയ സി.പി.എം. പ്രവർത്തകരുടെ നേതൃത്വത്തിലുള്ള സംഘം തങ്ങളെ ഭീഷണിപ്പെടുത്തുകയും അസഭ്യം പറയുകയും ചെയ്തുവെന്നും ഇവർ പറഞ്ഞു.

● ആക്രമണത്തിൽ കാലുകൾ തകർന്ന അളകമ്മ ആശുപത്രിയിൽ.

പാലാരിവട്ടം അന്വേഷണ സംഘത്തലവനെ മാറ്റി

കൊച്ചി: പാലാരിവട്ടം മേൽപ്പാലം അഴിമതിക്കേസ് അന്വേഷിക്കുന്ന വിജിലൻസ് സംഘത്തിന്റെ തലവനെ മാറ്റി. അന്വേഷണത്തിൽ ഗുരുതര വീഴ്ചയും അലംഭാവവും കണ്ടെത്തിയതിനെത്തുടർന്ന് ഡിവൈ.എസ്.പി. അശോക് കുമാറിനെതിരേയാണു വിജിലൻസ് ഡയറക്ടറുടെ നടപടി.

വിജിലൻസ് തിരുവനന്തപുരം സ്പെഷൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിലെ ഡിവൈ.എസ്.പി. ശ്യാംകുമാറാണ് അന്വേഷണ സംഘത്തിന്റെ പുതിയ തലവൻ. കോട്ടയം യൂണിറ്റിലെ ഡിവൈ. എസ്.പി: എൻ.കെ. മനോജിനെയും മൂന്നു സി.ഐമാരെയും ടീമിൽ ഉൾപ്പെടുത്തി.

പാലാരിവട്ടം കേസിൽ പൊതുമരാമത്ത് വകുപ്പ് മുൻ സെക്രട്ടറി ടി.ഒ. സൂരജ് ഉൾപ്പെടെ നാലു പ്രതികളെ ഓഗസ്റ്റ് 30നാണ് വിജിലൻസ് അറസ്റ്റ് ചെയ്തത്. കരാറുകാരന് ചട്ടം ലംഘിച്ച് വായ്പ അനുവദിക്കാൻ ഉത്തരവിട്ടതിനു പിന്നിൽ മുൻ മന്ത്രി വി.കെ. ഇബ്രാഹിം കുഞ്ഞിന് ഗൂഢലക്ഷ്യമുണ്ടെന്നു വിജിലൻസ് ഹൈക്കോടതിയെ അറിയിക്കുകയും പിന്നീട് തിരുത്തുകയും ചെയ്തിരുന്നു. ഇബ്രാഹിംകുഞ്ഞിനെതിരേ ശക്തമായ തെളിവുകൾ ശേഖരിച്ചിരുന്നെങ്കിലും ഒരു തുടർനടപടിയും അന്വേഷണ സംഘത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ല. സംഘത്തിലുള്ളവരിൽ ചിലർ അന്വേഷണം തടസപ്പെടുത്തുന്ന രീതിയിൽ പ്രവർത്തിക്കുന്നതായും പരാതി ഉയർന്ന സാഹചര്യത്തിലാണ് വിജിലൻസ് ഡയറക്ടർ അനിൽ കാന്ത് ഇടപെട്ടത്. സംഘാംഗമായ എ.എസ്.ഐ. ഇസ്മയിൽ അന്വേഷണം അട്ടിമറിക്കുന്ന രീതിയിൽ പ്രവർത്തിച്ചെന്നു വ്യക്തമായതോടെ വിജിലൻസിൽ നിന്നു ലോക്കൽ പോലീസിലേക്കു മാറ്റിയിരുന്നു.

മരണപ്പാച്ചിൽ: ഡ്രൈവർമാർക്കെതിരേ നടപടിയില്ല

കെ.എസ്.ആർ.ടി.സിയുടെ പിഴക്കുടിശിക ലക്ഷങ്ങൾ

● ജി. വിശാഖൻ
പത്തനംതിട്ട

നഷ്ടത്തിന്റെ പടുകുഴിയിൽ കിതയ്ക്കുന്ന കെ.എസ്.ആർ.ടി.സി. ഗതാഗത നിയമലംഘനങ്ങളുടെ പേരിൽ സർക്കാരിലേക്ക് പിഴയായി അടയ്ക്കാനുള്ളതു ലക്ഷങ്ങൾ. സിഗ്നൽ തെറ്റിക്കൽ, അമിത വേഗം തുടങ്ങിയ കുറ്റങ്ങൾക്കു കെ.എസ്.ആർ.ടി.സി. ബസുകൾ പതിവായി മോട്ടോർ വാഹന വകുപ്പിന്റെ നിരീക്ഷണ ക്യാമറകളിൽ കുടുങ്ങുന്നുണ്ട്. ഒരേ ബസ് കുറ്റകൃത്യം പലതവണ ആവർത്തിക്കുന്നുണ്ട്. അമിതവേഗത്തിന് 100 തവണ ക്യാമറക്കണ്ണിൽ പതിഞ്ഞ കെ.എസ്.ആർ.ടി.സി. ബസുണ്ട്. ചില്ലിക്കാശു പോലും പിഴയായി കെ.എസ്.ആർ.ടി.സി. അടച്ചിട്ടില്ല. ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യാൻ മോട്ടോർ വാഹന വകുപ്പും തയാറല്ല.

കെ.എസ്.ആർ.ടി.സിയുടെ K-L15 A 1414 മുതൽ 1431 വരെ സീരീസിൽ രജിസ്റ്റർ നമ്പരുള്ള ബസുകളുടെ നിയമലംഘനങ്ങളുടെ പട്ടിക മോട്ടോർ വാഹനവകുപ്പിന്റെ സൈറ്റിൽ പരിശോധിച്ചാൽ ഞെട്ടും. KL 15 A 1420 നമ്പരിലുള്ള ബസ് 100 തവണയാണ് അമിതവേഗത്തിനു ക്യാമറക്കണ്ണിൽ പതിഞ്ഞത്.

ഒരു തവണ അമിതവേഗത്തിന് പിടിക്കപ്പെട്ടാൽ അടയ്ക്കേണ്ട പിഴ കഴിഞ്ഞ ഓഗസ്റ്റ് 31 വരെ 400 രൂപയായിരുന്നു. ആദ്യ തവണ പിടിയിലാകുമ്പോൾ 300 രൂപയാണു പിഴ. രണ്ടാം തവണ മുതൽ 400 രൂപ പിഴയടയ്ക്കണമായിരുന്നു. 100 തവണ അമിതവേഗത്തിന് പിടിയിലായ ബസ് 40,000 രൂപയാണ് പിഴ ഇനത്തിൽ സർക്കാരിന് അടയ്ക്കേണ്ടത്. സെപ്റ്റംബർ ഒന്നു മുതൽ ഗതാഗത നിയമലംഘനങ്ങൾക്കുള്ള പിഴ വർധിപ്പിച്ചു. ഇതിൻ പ്രകാരം അമിത വേഗത്തിന് ബസുകൾ പിഴയായി നൽകേണ്ടത് 4000 രൂപയാണ്. കെ.എസ്. ആർ. ടി. സി ബസുകൾക്കൊന്നിനും സ്പീഡ് ഗവേണർ ഘടിപ്പിച്ചിട്ടില്ല.

മണിക്കൂറിൽ 60 കി. മീറ്ററാണ് ബസുകൾക്കു മോട്ടോർ വാഹന വകുപ്പ് അനുവദിച്ചിരിക്കുന്ന പരമാവധി വേഗം. റോഡുകൾ മെച്ചപ്പെട്ടപ്പോൾ വേഗപരിധി 70 കി.മീറ്ററായി പുതുക്കി നിശ്ചയിച്ചു. എന്നാൽ, കെ.എസ്.ആർ.ടി.സി ബസുകൾ പായുന്നത് 80-90 കി.മീറ്റർ വേഗത്തിലാണ്.

അമിതവേഗത്തിനുള്ള പിഴ വർധിപ്പിച്ചതോടെ ക്യാമറകളുടെ കണ്ണിൽപ്പെടാതിരിക്കാൻ ഡ്രൈവർമാർ പുതിയ തന്ത്രം കണ്ടുപിടിച്ചിട്ടുണ്ട്. റോഡിന്റെ ഇടതു വശത്തുള്ള ക്യാമറയുടെ പിടിയിൽ വീഴാതിരിക്കാൻ, വരുന്ന വേഗത്തിൽ പൊടുന്നനെ വലത്തേക്കു വെട്ടിക്കുകയാണു ചെയ്യുന്നത്. ഇതേസമയം തന്നെ എതിർദിശയിൽ നിന്ന് വരുന്ന കെ.എസ്.ആർ.ടി.സി മറുവശത്തേക്ക് വെട്ടിച്ചുമാറും. ഇത് വൻ അപകടത്തിന് കാരണമാകുന്നുമുണ്ട്.

രണ്ടിലധികം തവണ അമിതവേഗത്തിന് പിടിയിലാകുന്ന ബസിന്റെ പെർമിറ്റും ഡ്രൈവറുടെ ലൈസൻസും സസ്പെൻഡ് ചെയ്യണമെന്നാണ് നിയമം. ഇതിനുള്ള നടപടികളും ഇപ്പോഴില്ല. നന്ത 15 A 2110 മുതൽ 2163 വരെയുള്ള സീരിസുകളും അമിതവേഗത്തിന് പല തവണ പിടിക്കപ്പെട്ടിട്ടുണ്ട്.

K-L 15 A1414 മുതൽ 1431 വരെയുള്ള ബസുകൾ 2016 മുതൽ 19 വരെ അമിതവേഗത്തിന് ക്യാമറയിൽ പതിഞ്ഞതിന്റെ കണക്ക്. 1414-27, 1415-15, 1416-മൂന്ന്, 1417-ഒന്ന്, 1418-ഒമ്പത്, 1419-69, 1420-100, 1421-94, 1422-57, 1423-37, 1424-26, 1425-69, 1426-20, 1427-31, 1428-61, 1429-71, 1430-28, 1431-36.

ചോദ്യംചെയ്യാൻ വിളിപ്പിച്ചു; മുൻകൂർ ജാമ്യം തേടി ഫ്ളാറ്റ് നിർമാതാവ്

കൊച്ചി: സുപ്രീം കോടതി പൊളിച്ചുമാറ്റാൻ ഉത്തരവിട്ട മരടിലെ ആൽഫ ഫ്ളാറ്റ് നിർമാതാവ് ഇന്നു ചോദ്യംചെയ്യലിനു ഹാജരാകാൻ നിർദേശിച്ച് ക്രൈംബ്രാഞ്ച് നോട്ടീസ്. നോട്ടീസ് ലഭിച്ചതിനു പിന്നാലെ നിർമാതാവ് മുൻകൂർജാമ്യം തേടി ഹൈക്കോടതിയെ സമീപിച്ചു. ഹർജി ഇന്നു കോടതി പരിഗണിച്ചേക്കും. വരുംദിവസങ്ങളിൽ ജെയിൻ, ഹോളി ഫെയ്ത്ത് എച്ച്.2.ഒ. ഫ്ളാറ്റ് നിർമാതാക്കളെയും ചോദ്യംചെയ്യാൻ വിളിപ്പിക്കുമെന്നാണു സൂചന.

തീരപരിപാലനനിയമം ലംഘിച്ച ഫ്ളാറ്റ് സമുച്ചയങ്ങൾ പൊളിച്ചുമാറ്റാൻ സുപ്രീം കോടതി ഉത്തരവിട്ടതിനേത്തുടർന്ന് ഫ്ളാറ്റ് വാങ്ങിയ ചിലർ നിർമാതാക്കൾക്കെതിരേ പോലീസിൽ പരാതിപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മരട്, പനങ്ങാട് സ്റ്റേഷനുകളിൽ കേസ് രജിസ്റ്റർ ചെയ്തശേഷമാണ് അന്വേഷണം ക്രൈംബ്രാഞ്ചിനു കൈമാറിയത്. ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ നിയമലംഘനം കണ്ടെത്തുകയും മരട് നഗരസഭയിലും ഫ്ളാറ്റ് നിർമാതാക്കളുടെ ഓഫീസുകളിലും പരിശോധന നടത്തി രേഖകൾ പിടിച്ചെടുക്കുകയും ചെയ്തു. ഇതേത്തുടർന്നാണു ചോദ്യംചെയ്യലിനു ഹാജരാകാൻ ഫ്ളാറ്റ് നിർമാതാക്കൾക്കു നോട്ടീസ് നൽകിയത്.

ശരിദൂരം പറഞ്ഞതു നാടിന്റെ നന്മയ്ക്ക്; ഇടതിനെതിരേ ജി. സുകുമാരൻ നായർ



കോട്ടയം: എൻ.എസ്.എസിനോ മുന്നോക്കസമുദായങ്ങൾക്കോ വേണ്ടി ഇടതു സർക്കാർ എന്തു നന്മയാണു ചെയ്തതെന്നു സി.പി.എം. സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ വ്യക്തമാക്കണമെന്ന് എൻ.എസ്.എസ്. ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ. മുന്നോക്കസമുദായത്തിനു നല്ലതുചെയ്ത ഇടതുപക്ഷത്തെ പ്രകീർത്തിക്കുകയാണ് എൻ.എസ്എസ്. ചെയ്യേണ്ടതെന്ന കോടിയേരിയുടെ പ്രസ്താവനയോടു പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

കോടിയേരിയുടെ പ്രസ്താവന വസ്തുതകൾക്കു നിരക്കാത്തതും തെറ്റിദ്ധാരണ പരത്താൻ വേണ്ടിയുള്ളതുമാണ്. എൻ.എസ്.എസ്. ഈ സർക്കാരിനോടു സഹകരിച്ചിട്ടേയുള്ളു. വിശ്വാസസംരക്ഷണത്തിന്റെ കാര്യത്തിൽ മാത്രമാണ് അഭിപ്രായഭിന്നത ഉണ്ടായിട്ടുള്ളത്. എന്നാൽ, നായർസമുദായം അടക്കമുള്ള മുന്നോക്കസമുദായങ്ങൾക്കും അതിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും വ്യവസ്ഥാപിതമായി ലഭിച്ചുവന്നിരുന്ന ആനുകൂല്യങ്ങളെല്ലാം തടഞ്ഞുവയ്ക്കുകയാണ് സർക്കാർ ചെയ്തതെന്നു നേരത്തേ ചൂണ്ടിക്കാട്ടിയിരുന്നു. അതിനൊന്നും സർക്കാരിനു മറുപടിയില്ല.

മുന്നോക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കു ദേവസ്വം ബോർഡ് നിയമനങ്ങളിൽ സംവരണം നൽകണമെന്നും കഴിഞ്ഞ സർക്കാർ പൊതുഅവധിയായി പ്രഖ്യാപിച്ച മന്നത്തു പത്മനാഭന്റെ ജന്മദിനം നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരണമെന്നും മാത്രമാണ് എൻ.എസ്.എസിനു വേണ്ടി ഈ സർക്കാരിനോട് ആവശ്യപ്പെട്ടത്. അത് എവിടെ നിൽക്കുന്നു എന്ന് എല്ലാവർക്കുമറിയാം. ദേവസ്വം ബോർഡിലെ 10 ശതമാനം മുന്നോക്കസംവരണമായാലും കേന്ദ്ര സർക്കാർ അനുവദിച്ച 10 ശതമാനം സംവരണമായാലും നടപ്പാക്കാതിരിക്കാതിരിക്കാനോ വൈകിക്കാനോ വേണ്ടിയുള്ള ബോധപൂർവമായ നീക്കമാണു സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായത്.

ഉപതെരഞ്ഞെടുപ്പുകളിൽ ശരിദൂരം കണ്ടെത്തണമെന്നു പറയേണ്ടിവന്ന സാഹചര്യം എന്താണെന്നു വിശദീകരിച്ചതാണ്. ആ നിലപാട് നാടിന്റെ നന്മയ്ക്കുവേണ്ടിയാണ്. ഇക്കാര്യത്തിൽ എൻ.എസ്.എസിനു പ്രത്യേക അവകാശവാദമോ ആശങ്കയോ ഇല്ലെന്നും സുകുമാരൻ നായർ വ്യക്തമാക്കി.

പൊതുവാഹനങ്ങളിൽ ഡാഷ് ക്യാമറ അനിവാര്യമെന്നു ഹൈക്കോടതി

കൊച്ചി: വാഹനാപകടങ്ങളുടെ കാരണവും ഉത്തരവാദികളെയും കണ്ടെത്താൻ പൊതുവാഹനങ്ങളിൽ ഡാഷ് ക്യാമറ സംവിധാനം അനിവാര്യമെന്നു ഹൈക്കോടതി. 5000 രൂപ വിലവരുന്ന ക്യാമറകളിലെ ദൃശ്യങ്ങൾ ആഴ്ചകളോളം സൂക്ഷിക്കാവുന്ന സംവിധാനം നിലവിലുണ്ടെന്നും കോടതി അഭിപ്രായപ്പെട്ടു.

അപകടങ്ങളുടെ കാരണം കണ്ടെത്തുന്നതിന് ഇത് ഉപകാരപ്രദമാണ്. ഇൻഷുറൻസ് സംബന്ധമായ തർക്കങ്ങൾ ഒഴിവാക്കാനും സാധിക്കും. യൂറോപ്യൻ രാജ്യങ്ങളിൽ ഡാഷ് ക്യാമറ വ്യാപകമായി ഉപയോഗിക്കുന്നുണ്ടെന്നും ജസ്റ്റിസ് വി. രാജാവിജയരാഘവൻ ചൂണ്ടിക്കാട്ടി.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ 2019 ഒക്ടോബർ 25നു സുനീഷ് എന്നയാൾ ഓടിച്ച ബസ് അപകടത്തിൽപ്പെട്ടു യുവതി മരണമടഞ്ഞിരുന്നു. ഈ കേസിൽ ജാമ്യം തേടി സുനീഷ് നൽകിയ ജാമ്യാപേക്ഷ പരിഗണിക്കവേയാണ് കോടതി ക്യാമറയെക്കുറിച്ചു പരാമർശിച്ചത്. ഡാഷ് ക്യാമറകൾ സ്ഥാപിക്കണമെന്നതാണ് പോലീസിന്റേയും മോട്ടോർ വാഹന വകുപ്പിന്റേയും നിലപാടെന്നു സീനിയർ ഗവ. പ്ലീഡർ സുമൻ ചക്രവർത്തി കോടതിയെ അറിയിച്ചു. പ്രതിക്കു ജാമ്യം നൽകിയ കോടതി ഡാഷ് ക്യാമറയുടെ കാര്യം പരിഗണിക്കാൻ കേസ് വീണ്ടും പരിഗണിക്കും.

ഫ്ളാറ്റുടമകൾക്ക് നഷ്ടപരിഹാരം: ആദ്യപട്ടികയിൽ 13- 25 ലക്ഷംവരെ നൽകാൻ ശിപാർശ

കൊച്ചി: മരടിൽ പൊളിച്ചുമാറ്റുന്ന ഫ്ളാറ്റുകളുടെ ഉടമകൾക്കുള്ള നഷ്ടപരിഹാരത്തിന്റെ ആദ്യഘട്ട പട്ടിക ജസ്റ്റിസ് കെ. ബാലകൃഷ്ണൻ നായർ സമിതി സർക്കാരിനു കൈമാറി. 14 പേരുടെയാണു പട്ടിക. മൂന്നുപേർക്കു മാത്രമാണ് 25 ലക്ഷം രൂപ നഷ്ടപരിഹാരമായി ലഭിക്കുക. ബാക്കി 11 ഫ്ളാറ്റ് ഉടമകൾക്ക് 13 ലക്ഷം മുതൽ 23 ലക്ഷം വരെ നൽകാനാണ് ശിപാർശ. പലരും 51 ലക്ഷത്തിനും രണ്ടുകോടിക്കും ഇടയിലുള്ള തുകയാണ് നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിരുന്നത്.

ഗോൾഡൻ കായലോരം ഫ്ളാറ്റ് സമുച്ചയം-നാല്, ആൽഫ സെറിൻ-നാല്, ജെയിൻ കോറൽ-ആറ് എന്നിങ്ങനെയാണ് ആദ്യഘട്ട പട്ടികയിലുള്ളവർ. ആൽഫയിലെ ഒരാൾക്കും ജെയിൻ കോറലിലെ രണ്ടുപേർക്കുമാണ് 25 ലക്ഷം നൽകാൻ ശിപാർശ.

തീരപരിപാലനനിയമം ലംഘിച്ചെന്നു കണ്ടെത്തിയതിനെത്തുടർന്ന് പൊളിച്ചുമാറ്റാൻ സുപ്രീം കോടതി ഉത്തരവിട്ട മരടിലെ ഫ്ളാറ്റ് ഉടമകൾക്കു നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടിയാണ് ജസ്റ്റിസ് കെ. ബാലകൃഷ്ണൻ നായർ സമിതി രൂപീകരിച്ചത്. ഈ മാസം 10 ന് ചേർന്ന സമിതിയുടെ സിറ്റിങ്ങിലെ നിർദേശം പ്രകാരം കഴിഞ്ഞ ദിവസം വരെ മരട് നഗരസഭയിൽ 25 ഫ്ളാറ്റുടമകൾ രേഖകൾ സമർപ്പിച്ചു. ഇതിൽ പരിശോധന നടത്തിയ ശേഷം 19 പേരുടെ നഷ്ടപരിഹാര അപേക്ഷകളാണ് സമിതിയുടെ മുമ്പാകെ സമർപ്പിച്ചത്. ഇതിൽ നിന്നാണ 14 പേരുടെ ആദ്യ ഘട്ട പട്ടിക തുടർനടപടിക്കായി സമിതി തയാറാക്കി കൈമാറിയത്. ബാക്കിയുള്ളവരുടെ അപേക്ഷകൾ രേഖകളുടെ കുറവുമൂലമാണ് മാറ്റി വച്ചിരിക്കുന്നത്.

നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കാത്തവർക്ക് ഈ മാസം 17 വരെ മരട് നഗരസഭയിൽ സമർപ്പിക്കാം. ഉടമകൾ വിലനൽകിയതു സംബന്ധിച്ച വിവരങ്ങൾ ഫ്ളാറ്റ് നിർമാതാക്കളും ഈ മാസം 16ന് മുമ്പായി സമർപ്പിക്കണം. ഫ്ളാറ്റുടമകളും നിർമാതാക്കളും രേഖകളും തെളിവുകളും മരട് നഗരസഭാ സെക്രട്ടറിക്കാണ് സമർപ്പിക്കേണ്ടത്. നൽകിയ വിലയും പണമിടപാടും സംബന്ധിച്ച രേഖകളും സമർപ്പിക്കണം. അപേക്ഷയ്ക്കൊപ്പം സത്യവാങ്മൂലം സമർപ്പിക്കാൻ കമ്മിഷൻ നേരത്തെ നിർദേശിച്ചിരുന്നു. യഥാർഥ രേഖകൾ സമർപ്പിക്കാനാണ് പുതിയ നിർദേശം. ഫ്ളാറ്റുകൾ വിൽപന നടത്തിയപ്പോൾ വാങ്ങിയ വിലയുടെ വിവരങ്ങൾ നിർമാതാക്കൾ നൽകണം. നഗരസഭാ സെക്രട്ടറിക്ക് സമർപ്പിക്കുന്ന രേഖകൾ കൂടി പരിശോധിച്ച് കമ്മിഷൻ നഷ്ടപരിഹാരം നിശ്ചയിക്കും. ഹോളിഫെയ്ത് എച്ച്.ടു.ഒ, കായലോരം ഫ്ളാറ്റ് നിർമാതാക്കളും ഇന്നുനടന്ന സിറ്റിങ്ങിൽ സമിതി മുമ്പാകെ ഹാജരായി. ഇവരോട് ഈ മാസം 16ന് മുമ്പായി മരട് നഗരസഭയിൽ സത്യവാങ്മൂലം സമർപ്പിക്കാൻ സമിതി നിർദേശിച്ചു. ആൽഫ, ജെയിൻ ഫ്ളാറ്റുടമകൾ ഹാജരാകണമെന്നാവശ്യപ്പെട്ട് നോട്ടീസ് അയക്കാനും മരട് നഗരസഭയോട് സമിതി നിർദേശിച്ചു.

ഫ്ളാറ്റുകളിലെ വൈദ്യുതിബന്ധം വിച്ഛേദിച്ചു

മരട്(കൊച്ചി): സുപ്രീംകോടതി വിധിപ്രകാരം പൊളിക്കാൻ തീരുമാനിച്ച മരടിലെ നാല് ഫ്ളാറ്റുകളിലേയും വൈദ്യുതിബന്ധം ഇന്നലെ കെ.എസ്.ഇ.ബി. വിച്ഛേദിച്ചു. കെ.എസ്.ഇ.ബി. അധികൃതർ ഓരോ ഫ്ളാറ്റിലേയും വൈദ്യുതി ഉപയോഗത്തിന്റെ മീറ്റർ റീഡിങ് രേഖപ്പെടുത്തിയശേഷമാണ് ബന്ധം വിച്ഛേദിച്ചത്.

ഉടമകൾക്ക് ഒഴിയാനായി അനുവദിച്ച സമയപരിധി കഴിഞ്ഞതോടെ ഫ്ളാറ്റുകളെല്ലാം സർക്കാർ ഏറ്റെടുത്തു. സുരക്ഷയുടെ ഭാഗമായി ജില്ലാ കലക്ടറുടെ നിർദേശപ്രകാരം ഓരോ ഫ്ളാറ്റുകളിലും പ്രത്യേകം പോലീസിനെ നിയോഗിച്ച് സുരക്ഷ ശക്തമാക്കി.

ഇതുവരെ ഉടമകളെ കണ്ടെത്താനാകാത്ത ഫ്ളാറ്റുകളിലും ഉടമകൾ എത്തിച്ചേരാത്തതിനാൽ ഒഴിയാതെ കിടക്കുന്ന ഫ്ളാറ്റുകളിലും വീട്ടുപകരണങ്ങളുണ്ട്. പൊളിക്കുംമുമ്പ് ഉടമകളെത്തിയില്ലെങ്കിൽ നഗരസഭക്ക് ഇവ നീക്കംചെയ്ത് ലേലം ചെയ്യേണ്ടതായി വരും. നിലവിൽ ഫ്ളാറ്റുടമകൾക്ക് ഫ്ളാറ്റുകളിലേക്ക് പ്രവേശിക്കണമെങ്കിൽ ജില്ലാ കലക്ടർക്ക് അപേക്ഷ നൽകണം. ഫ്ളാറ്റുകളിലേക്ക് സർക്കാർ പ്രതിനിധികളല്ലാത്തവർക്ക് പ്രവേശിക്കണമെങ്കിലും ഇതേ നടപടിക്രമങ്ങൾ പാലിക്കണം.

അഭയ കൊലക്കേസ്: തൊണ്ടിമുതലുകൾ നശിപ്പിച്ചത് അനുമതിയില്ലാതെയെന്നു മൊഴി

തിരുവനന്തപുരം: സിസ്റ്റർ അഭയയുടെ ശിരോവസ്ത്രവും ചെരുപ്പും ഡയറിയുമുൾപ്പെടെയുള്ള തൊണ്ടിമുതലുകൾ സി.ബി.ഐ. അന്വേഷണം ഏറ്റെടുത്തയുടൻ നശിപ്പിച്ചത് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ (ആർ.ഡി.ഒ. കോടതി) ഉത്തരവില്ലാതെയും ചട്ടം കാറ്റിൽപ്പറത്തിയുമാണെന്നു കോട്ടയം ആർ.ഡി.ഒ. കോടതി സീനിയർ സൂപ്രണ്ട് ജോണും എൽ.ഡി. ക്ലർക്ക് ദിവാകരൻ നായരും സാക്ഷിമൊഴി നൽകി.

പ്രോസിക്യൂഷൻ ഭാഗം പതിനഞ്ചും പതിനാറും സാക്ഷികളായി മൊഴി നൽകവേയാണ് ഇവർ സി.ബി.ഐ. കോടതി മുമ്പാകെ നിർണായക വെളിപ്പെടുത്തൽ നടത്തിയത്. തൊണ്ടിമുതലും രേഖകളും ഉൾക്കൊള്ളുന്ന ഫയലുകൾ കേസ് തീർന്ന് മൂന്നു വർഷങ്ങൾക്ക് ശേഷം ആർ.ഡി. ഒയുടെ അനുമതിയോടെയേ നശിപ്പിക്കാവൂ എന്നാണു ചട്ടം. ഇതു ലംഘിച്ചാണ് അന്നത്തെ എൽ.ഡി. ക്ലർക്ക് മുരളീധരൻ ഇതു നശിപ്പിച്ചതെന്നു സാക്ഷികൾ മൊഴി നൽകി.

1992 മാർച്ച് 27 ന് അഭയ കൊല്ലപ്പെട്ട സ്ഥലത്തുനിന്നു പോലീസ് ശേഖരിച്ച തൊണ്ടിമുതലുകൾ ആർ.ഡി.ഒ. കോടതിയിൽ ഹാജരാക്കിയിരുന്നു. ഇവ പിന്നീട് അനുമതിയില്ലാതെ നശിപ്പിച്ചെന്നാണു മൊഴി.

അതിനിടെ, ബംഗളൂരു സെൻട്രൽ ഫോറൻസിക് ലാബിലെ നാർക്കോ അനാലിസിസ് വിദഗ്ധരായ നൂറാം സാക്ഷി കന്തസ്വാമിയെയും നൂറ്റിയൊന്നാം സാക്ഷി പ്രവീണിനെയും പ്രോസിക്യൂഷൻ സാക്ഷിയായി വിസ്തരിക്കുന്നതിനെ എതിർത്ത് പ്രതിഭാഗം ഹർജി സമർപ്പിച്ചു. ഹർജിയെ ശക്തമായി എതിർപ്പ് പ്രോസിക്യൂട്ടർ നവാസ് രംഗത്തെത്തി.

കാരായിമാരെ കുറ്റവിമുക്തരാക്കണം: എം.വി. ജയരാജൻ

കണ്ണൂർ: തൊഴിയൂർ കേസിൽ നിരപരാധികളെ വെറുതേ വിട്ട പോലെ ഫസൽക്കേസിലെ നിരപരാധികളെയും കുറ്റവിമുക്തരാക്കണമെന്നു സി.പി.എം. കണ്ണൂർ ജില്ലാ സെക്രട്ടറി എം.വി. ജയരാജൻ. തൊഴിയൂർ കേസിലെ സമാന സാഹചര്യം ഫസൽക്കേസിലുമുണ്ടെന്നും അതിനാൽ സി.ബി.ഐ. പുനരന്വേഷണത്തിനു തയാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കാരായി രാജൻ, കാരായി ചന്ദ്രശേഖരൻ ഉൾപ്പെടെയുള്ള നിരപരാധികളായ സി.പി.എം. പ്രവർത്തകരെ കുറ്റവിമുക്തരാക്കാൻ സി.ബി.ഐ തയാറാവണം. ഒരു കേസിലും ഇല്ലാത്ത നീതി നിഷേധം ഫസൽ കേസിൽ കാരായി രാജനും കാരായി ചന്ദ്രശേഖരനും നേരിടുന്നുണ്ട്. വിഷയത്തിൽ സംസ്ഥാന സർക്കാരല്ല സി.ബി.ഐയാണ് തീരുമാനം കൈകൊള്ളേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

കെ.എസ്.ഇ.ബി. വഴി ഇന്റർനെറ്റും; കെ-ഫോൺ പദ്ധതി അടുത്തവർഷം പകുതിയോടെ

● അയൂബ്ഖാൻ
തിരുവനന്തപുരം

ഉപയോക്താക്കൾക്ക് വൈദ്യുതിക്കു പുറമേ ഇനി ഇന്റർനെറ്റ് കണക്ഷനും കെ.എസ്.ഇ.ബി. ലഭ്യമാക്കും. ബി.പി.എൽ. കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി നൽകുന്ന കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) പദ്ധതി സംസ്ഥാന ഐ.ടി.

ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡും (കെ.എസ്.ഐ.ടി.ഐ.എൽ) വൈദ്യുതിബോർഡും സഹകരിച്ചാണു നടപ്പാക്കുന്നത്. 1,028 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി അടുത്തവർഷം പകുതിയോടെ യാഥാർഥ്യമാകുമെന്നാണ് പ്രതീക്ഷ.

20 ലക്ഷത്തോളം വരുന്ന ബി.പി.എൽ. കുടുംബങ്ങൾക്കും മുപ്പതിനായിരത്തോളം സർക്കാർ ഓഫീസുകളിലും അതിവേഗ ഇൻറർനെറ്റ് ലഭ്യമാക്കുന്നതാണ് പദ്ധതി. ഇതിനായുള്ള സർവേ പൂർത്തിയായി. നവംബറിൽ വൈദ്യുതി പോസ്റ്റുകൾ വഴി ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിച്ചു തുടങ്ങും. അരലക്ഷം കിലോമീറ്ററിൽ കേബിളുകൾ സ്ഥാപിക്കാനാണ് നീക്കം. കേബിളുകൾ ദക്ഷിണകൊറിയയിൽ നിന്ന് എത്തിക്കും. കേരളത്തിൽ നിന്നുള്ള സാങ്കേതിക വിദഗ്ധർ അടങ്ങുന്ന സംഘം ഗുണനിലവാര പരിശോധന നടത്തിയ ശേഷമാണ് കേബിൾ ഇറക്കുമതി.

കെ.ഫോൺ പദ്ധതിയുടെ കൺട്രോൾ റൂം ആയി പ്രവർത്തിക്കുന്ന നെറ്റവർക്ക് ഓപ്പറേറ്റിംഗ് സെൻറർ (നോക്) ആസ്ഥാനം കൊച്ചിയിലായിരിക്കും. നേരത്തെ ആലപ്പുഴയിലെ ചേർത്തലയിൽ സ്ഥാപിക്കാനായിരുന്നു തീരുമാനം. ഡിസംബറിൽ നോക് പ്രവർത്തനസജ്ജമാക്കും.

വീടുകളും ഓഫീസുകളും വിവിധ ശൃംഖലകളാക്കിയാണ് കേബിൾ വഴി ബന്ധിപ്പിക്കുന്നത്. ഓരോ ശൃംഖലയും പൂർത്തിയാകുന്ന മുറയ്ക്ക് സെന്ററു(നോക്ക്)മായി ബന്ധിപ്പിച്ച് ഇന്റർനെറ്റ് സേവനം ലഭ്യമാക്കും. നോക്ക് സജ്ജമാവുന്നതോടൊപ്പം തുടക്കത്തിൽ ഒന്നോ രണ്ടോ ശൃംഖലകൾ കൂടി പൂർത്തിയാക്കാനാണ് തീരുമാനം. 2020-ൽ സംസ്ഥാനത്ത് മുഴുവൻ കെ. ഫോൺ ശൃംഖല യാഥാർഥ്യമാക്കും.

2016-ൽ തുടങ്ങാനിരുന്നതാണ് കെ. ഫോൺ പദ്ധതി. ഇപ്പോൾ കെ.എസ്.ഇ.ബി.യുടെ ട്രാൻസ് ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയതോടെയാണു പദ്ധതിക്കു വീണ്ടും ജീവൻ വച്ചത്. കെ-ഫോണിന്റെ കേരളത്തിലെ പ്രവർത്തനങ്ങളുടെ ചുമതല ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിനാണ്.

കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് കണക്ഷൻ ആവശ്യമുള്ളവരെ കണ്ടെത്തി സാങ്കേതികസഹായം നൽകും. പദ്ധതി പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ സർക്കാർഓഫീസുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ നെറ്റ് വർക്കിലേക്ക് മാറും. പുതിയ വൈദ്യുതികണക്ഷന് അപേക്ഷ നൽകുന്നവർക്ക് അപ്പോൾത്തന്നെ ഇന്റർനെറ്റ് കണക്ഷൻ കൂടി ലഭ്യമാക്കാം.

കലാലയങ്ങളിൽ സംഘടനാസ്വാതന്ത്ര്യം നിരോധിച്ചിട്ടില്ലെന്നു സർക്കാർ

കൊച്ചി: കലാലയങ്ങളിൽ വിദ്യാർഥികൾക്കു സംഘടനാ സ്വാതന്ത്ര്യം നിരോധിച്ചിട്ടില്ലെന്നു സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. വിദ്യാർഥികളുടെ ജനാധിപത്യപരമായ അവകാശമാണ് സംഘടനാ പ്രവർത്തനമെന്നും. അധ്യായനം തടസപ്പെടുത്തുന്നവർക്കെതിരേ കർശന നടപടി സ്വീകരിക്കുമെന്നും സർക്കാർ കോടതിയെ അറിയിച്ചു. അധ്യായനം തടസപ്പെടാതെ എങ്ങനെ കലാലയങ്ങളിൽ പ്രതിഷേധം സംഘടിപ്പിക്കുമെന്നു ജസ്റ്റിസ് പി.ബി. സുരേഷ് കുമാർ ചോദിച്ചു. വിദ്യാർഥികൾക്കും അധ്യാപകർക്കും പ്രതിഷേധിക്കാൻ ഒരുപോലെ അവകാശമുണ്ടെന്നു സർക്കാരിനുവേണ്ടി അഡ്വക്കേറ്റ് ജനറൽ സി.പി. സുധാകരപ്രസാദ് അറിയിച്ചു. വിദ്യാർഥി സംഘടനകളുടെ അക്രമസമരംമൂലം അധ്യായനം തടസപ്പെടുന്നെന്നു ചൂണ്ടിക്കാട്ടി 48 സ്കൂൾ-കോളജ് മാനേജ്മെന്റുകൾ സമർപ്പിച്ച ഹർജിയിലാണു സർക്കാരിന്റെ വിശദീകരണം.